**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 242

21.6.2012ൽ
മറുപടിയ്ക്ക്

**ഹോട്ടലുകളിലെ വിലവിവര പട്ടിക**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ ;<br>ശ്രീ. സണ്ണി ജോസഫ് ;<br>ശ്രീ. വി.റ്റി ബൽറാം ;<br>ശ്രീ. ജോസഫ് വാഴക്കൻ ; | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഹോട്ടലുകളിൽ വിലവിവര പട്ടിക പ്രദർശിപ്പിക്കൽ നിർബന്ധമാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ;<br><br>ബി) ഇതിനായി നിയമ നിർമ്മാണം കൊണ്ടു വരുന്ന കാര്യം പരിഗണിക്കുമോ ; | എ) യും ബി) യും<br><br>ഹോട്ടലുകളിൽ വിലവിവര പട്ടിക പ്രദർശിപ്പിക്കൽ നിർബന്ധമാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. 1977 ലെ കേരളാ ഫുഡ് സ്റ്റഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ പ്രകാരം, വിൽപ്പന നടത്തുന്ന ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക വ്യക്തമായി കാണത്തക്കവിധം പ്രസ്തുത സ്ഥാപനത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്. |
| സി) ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | സി) സിവിൽസപ്ലൈസ്വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും ഹോട്ടലുകളിൽ നിരന്തരം പരിശോധന നടത്തി നിയമലംഘനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ചു വരുന്നു. മേൽ ഉത്തരവിലെ ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ അവശ്യസാധന നിയമപ്രകാരം നടപടി സ്വീകരിച്ചു വരുന്നു. നിയമനിർമ്മാണം പരിഗണനയിലുണ്ട്. |

Santhachandran

സെക്ഷൻ ഓഫീസർ